"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് - ഡോ.സുരേഖ് രവി, ഡോ.നിധ ആബിദ് എന്നിവർക്ക് അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.458/2019/തൊഴിൽ തീയതി,തിരുവനന്തപുരം, 12/04/2019

പരാമർശം:- 1) 28.06.2000 ലെ 5966/Acv.C3/2000/P&ARD നമ്പർ സർക്കുലർ.

2) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ 13.02.2019 ലെ ഇ1-132/2019/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്.

3) ഡോ.സുരേഖ് രവി യുടെ 26.02.2019 ലെ അപേക്ഷ

4) ഡോ.നിധ ആബിദിന്റെ 25.02.2019 ലെ അപേക്ഷ

5) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 18.03.2019 ലെ ഇ1-132/2019/ഡി.ഐ.എം.എസ് നമ്പർ കത്ത്.

ഉത്തരവ്

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡോ.സുരേഖ് രവി, ഡോ.നിധ ആബിദ് എന്നിവർക്ക് പരാമർശം 2 പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ നിയമന ഉത്തരവ് നൽകിയിരുന്നു. എന്നാൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ സീനിയർ റസിഡന്റായ ഡോ.സുരേഖ് രവിയുടെ ബോണ്ട് കാലാവധി 01.07.2019 വരെയും എറണാകുളം ലൂർദ്ദ് ഹോസ്പിറ്റലിൽ Speciality ENT Training ലുള്ള ഡോ.നിധ ആബിദിന്റെ കോഴ്സ് കാലാവധി 28.10.2019 വരെയുമാണ്. ടി സാഹചര്യത്തിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം ഡോ.സുരേഖ് രവിയ്ക്ക് 01.07.2019 വരെയും ഡോ.നിധ

ആബിദിന് 28.10.2019 വരെയും ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട രേഖകൾ സഹിതം ടി വ്യക്തികൾ യഥാക്രമം പരാമർശം 3,4 പ്രകാരം സമർപ്പിച്ച അപേക്ഷകൾ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം 5 പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം - 1 സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം ഡോ.സുരേഖ് രവിയ്ക്ക് 01.07.2019 വരെയും ഡോ.നിധ ആബിദിന് 28.10.2019 വരെയും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ഭാഗം - II ചട്ടം 27(C) ക്ക് താഴെയുള്ള പ്രൊവിസോയിലെ വ്യവസ്ഥ പ്രകാരമേ സീനിയോറിറ്റി കണക്കാക്കുകയുള്ളൂ എന്ന നിബന്ധനയിൽ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ എസ് രശ്മി
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്,തിരുവനന്തപുരം.
ഡോ.സുരേഖ് രവി (ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ മുഖേന)
ഡോ.നിധ ആബിദ് (ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Endt No. E1-132/2019/DIMS dtd: 14.05.2019**

Copy of the Government order is communicated for information and further necessary action.

For Director of Insurance Medical Services.

To

The Incumbents

Copy to: 1. The Accountant General, Kerala
2. The Regional Deputy Director , Insurance Medical Services, South Zone, Kollam / North Zone, Kozhikodu /Central Zone, Ernakulam.
3. File / Stock File / Website.

Ads